# വർഗ്ഗീയ കലാപങ്ങൾക്കെതിരെ സ്ത്രീകൾ മുന്നോട്ടിറങ്ങണം : മേധ

കൊച്ചി: വർഗ്ഗീയ കലാപങ്ങൾക്കെതിരെ സ്ത്രീകൾ മുന്നോട്ടിറങ്ങണമെന്ന് മേധാ പട്കർ പറഞ്ഞു. ജനാധിപത്യ മഹിളാ അസോസിയേഷൻ എറണാകുളം ഏരിയാ കമ്മിറ്റി സംഘടിപ്പിച്ച സ്ത്രീ സ്വാതന്ത്ര്യം വിവിധ മതവീക്ഷണത്തിൽ എന്ന സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മേധ.

ഇന്ത്യൻ സമൂഹത്തിൽ മതഭ്രാന്ത് വളരുകയാണ്. ഏതു കലാപവും ആദ്യം ബാധിക്കുക സ്ത്രീകളെയാണ് . അതുകൊണ്ടുതന്നെ വർഗ്ഗീയ രാഷ്ട്രീയത്തിനെതിരെ പ്രതിബദ്ധതയോടെ പ്രതികരിക്കണം. സർക്കാർ തന്നെ വർഗ്ഗീയവൽക്കരിക്കപ്പെടുന്ന ഇന്നത്തെ സാഹചര്യത്തിൽ ഭരണകൂട സ്ഥാപനങ്ങളെ വരെ എതിർക്കേണ്ടിവരും.

തെരെഞ്ഞെടുപ്പ് രംഗങ്ങളിലെ 33%സംവരണം അപര്യാപ്തമാണ്. ഭരണകൂടങ്ങളുടെ അപരിഷ്കൃതവും ജനാധിപത്യവിരുദ്ധവുമായ നിലപാടുകളെ ചോദ്യം ചെയ്യുന്ന ശക്തിയായി സ്ത്രീകൾ മാറാതെ ഇന്ത്യൻ സ്ത്രീകൾക്ക് മോചനമുണ്ടാകില്ല-മേധ ചൂണ്ടിക്കാട്ടി.